# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5919** **28.03.2018 - ൽ മറുപടിയ്ക്ക്**

**<u>അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് പെൻഷൻ</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ.എൻ.ജയരാജ് :<br>ശ്രീ.പി.ജെ. ജോസഫ് :<br>ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.മോൻസ് ജോസഫ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് പെൻഷൻ നല്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട് |
| (ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിലുണ്ട്. വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട, വാർഷിക കുടുംബ വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ 5 വർഷത്തേയ്ക്കാണ് പെൻഷന് അർഹതയുള്ളത് |
| (സി) ശസ്ത്രക്രിയ കഴിഞ്ഞ് ഇത്രകാലത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യത്തിന് അപേക്ഷിക്കണമെന്ന് വ്യവസ്ഥയുണ്ടോ; | (സി) വ്യവസ്ഥയില്ല |
| (ഡി) എങ്കിൽ അനുഭാവപൂർവ്വം പരിഗണിച്ച് പ്രസ്തുത നിയന്ത്രണം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ